പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2450      08.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

(മൂന്നാറിലെ വൻകിട ഭൂമികയ്യേറ്റവും ജെ.സി.ബി. നിരോധനവും)

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br>കെ.രാജൻ<br>(റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മൂന്നാറിൽ സർക്കാർ ഭൂമിയിൽ വലിയതോതിലുള്ള കയ്യേറ്റങ്ങൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ; | (എ) | ഉണ്ട്. കെ.ഡി.എച്ച്., പള്ളിവാസൽ, ചിന്നക്കനാൽ, ആനവിരട്ടി, കുഞ്ചിത്തണ്ണി എന്നീ വില്ലേജുകളിൽ കയ്യേറ്റം കൂടുതലായും കണ്ടുവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് ഏതൊക്കെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം എത്ര ഏക്കർ ഭൂമി അന്യാധീനപ്പെട്ടു എന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) | ദേവികുളം താലൂക്കിലെ എട്ട് വില്ലേജുകളിൽ നിന്നും 30.04.2017 വരെ ആകെ 61 കൈയ്യേറ്റങ്ങളുടെ വിവരങ്ങൾ ദേവികുളം തഹസിൽദാർക്ക് ലഭിച്ചിട്ടുണ്ട്, പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം ആകെ 61 കേസുകളിലായി 39.32596 ഹെക്ടർ (97.1744472ഏക്കർ) സർക്കാർ ഭൂമിയാണ് അന്യാധീനപ്പെട്ടിരുന്നതായി കണ്ടെത്തിയിട്ടുള്ളത്. |
| (സി) | കയ്യേറ്റഭൂമിയിലെ കെട്ടിടങ്ങൾ പൊളിച്ച് നീക്കാതെ അവ ഏറ്റെടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇതു പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കെട്ടിടങ്ങൾ ഏറ്റെടുത്തിട്ടുണ്ട്; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെട്ടിടങ്ങൾ ഒന്നും ഏറ്റെടുത്തിട്ടില്ല. |
| (ഇ) | മൂന്നാറിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുമ്പ് ജനപ്രതിനിധികളുമായും മതമേധാവികളുമായും മറ്റും കൂടിയാലോചിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (ഇ) | ഇല്ല |
| | മൂന്നാറിൽ കേരള ലാന്റ് കൺസർവൻസി നിയമം ബാധകമല്ലേ; എ | | ബാധകമാണ്. KDH /മാങ്കുളം വില്ലേജുകളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 1971 ലെ കണ്ണൻദേവൻ മലകൾ (ഭൂമി |

| | | | |
|---|---|---|---|
| (എഫ്) | ങ്കിൽ അത് ഒഴിവാക്കി ഏത് നിയമ പ്രകാരമാണ് കയ്യേറ്റം ഒഴിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; | (എഫ്) | വീണ്ടെടുക്കൽ) നിയമം, 1957 ലെ ഭൂ സംരക്ഷണ നിയമം, 2009 ലെ ഭേദഗതി നിയമങ്ങൾ എന്നിവ പ്രകാരം ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | മൂന്നാറിൽ ജെ.സി.ബി. നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ജി) | മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആധുനിക മണ്ണുനീക്കൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ് എന്ന് 21/04/2017-ലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. |

Signed by
Prathapachandran S
Date: 20-05-2025 11:50:38
സെക്ഷൻ ഓഫീസർ